Santhigiri

ഉമ്മിണിതങ്കം

VOL 05 | ISSUE 07 | 2019 ഫെബ്രുവരി 17 | 1194 കുംഭം 5

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

### ഗുരുവാണി

'സ്നേഹവും വിനയവും ആദരവും ഇല്ലാതെ പോയാൽ എല്ലാം ആ ഇല്ലായ്മയുടെ പുറകെ പോരും. അങ്ങനെ പോയവരാണ് നമ്മുടെ പൂർവ്വികരിൽ അധികം പേരും. അതുകണ്ട് നമ്മൾ തുള്ളരുത്. ഏതെങ്കിലും അത്ഭുത വേലകൾ കാണിച്ചാൽ, സിദ്ധി മാർഗ്ഗങ്ങളുടെ പൂർണ്ണരൂപം കാണിച്ചാൽ ഒന്നും നമുക്ക് ഉതകുന്നതല്ല.

# പൂജിതപീഠം സമർപ്പണം ആഘോഷം ഫെബ്രുവരി 22ന്

## അർദ്ധവാർഷിക കുംഭമേള ഒരുക്കങ്ങൾ ആരംഭിച്ചു



പൂജിതപീഠം സമർപ്പണം നെടുമങ്ങാട് ഏരിയ സമ്മേളനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, പാലോട് രവി എന്നിവർ സമീപം



എറണാകുളം ഏരിയ സമ്മേളനത്തിൽ സ്വാമി ചൈതന്യ ജ്ഞാനതപസ്വി സംസാരിക്കുന്നു

**സ്പിരിചൽ സോൺ**: ഗുരുശിഷ്യബന്ധത്തിന്റെ മഹിത തലങ്ങൾ സ്പർശിക്കുന്ന പുണ്യദിനം 'പൂജിതപീഠം സമർപ്പണം' വാർഷികം ഫെബ്രുവരി 22 വെള്ളിയാഴ്ച ശാന്തിഗിരി ആശ്രമത്തിൽ സമുചിതമായി ആഘോഷിക്കും. അന്ന് നടക്കുന്ന അർദ്ധവാർഷിക കുംഭമേളക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. ഫെബ്രുവരി 22ന് രാവിലെ 5 മണിക്ക് നടക്കുന്ന പ്രത്യേക പുഷ്പാഞ്ജലിയോടെ ആഘോഷങ്ങൾക്ക് തുടക്കമാകും. 6 മണിക്ക് ധ്വജാരോഹണം, തുടർന്ന് താമരപർണ്ണശാലയിൽ പുഷ്പസമർപ്പണം. ഉച്ചക്ക് 12 മണിക്ക് ഗുരുപൂജ, ഗുരുപാദവന്ദനം, വിവിധ സമർപ്പണങ്ങൾ എന്നിവ നടക്കും. രാവിലെ 11 മണിക്ക് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ പൂജിതപീഠം സമർപ്പണം സമ്മേളനം നടക്കും. സാമൂഹിക സാംസ്കാരിക ആദ്ധ്യാത്മിക രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. വൈകുന്നേരം 4 .30 ന് സ്പിരിചൽസോണിലെ യജ്ഞശാലയിൽ നിന്നും ആരംഭിക്കുന്ന കുംഭമേളഘോഷയാത്ര ആശ്രമസമുച്ചയം വലതുവച്ച് ഗുരുപാദങ്ങളിൽ സമർപ്പിക്കും. ആശ്രമത്തിലെ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ആഭിമുഖ്യത്തിൽ ഘോഷയാത്രക്ക് സ്വീകരണം നൽകും. രാത്രി 9 മണിമുതൽ ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ ഉണ്ടാകും.

ഫെബ്രുവരി 23ന് രാവിലെ 8 മണിമുതൽ റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ ശാന്തിഗിരി യൂത്ത് സമ്മിറ്റ് 2019 നടക്കും. 10 മണിക്ക് സ്പിരിചൽസോൺ കോൺഫറൻസ് ഹാളിൽ ആശ്രമം അഡ്വൈസറി കമ്മിറ്റി ചേരും. പൂജിതപീഠം സമർപ്പണാഘോഷങ്ങളുടെ ഭാഗമായി രാജ്യമെമ്പാടും നടന്ന് വരുന്ന പ്രചരണപ്രവർത്തനങ്ങൾ ഫെബ്രുവരി 20ന് സമാപിക്കും. ഏരിയ സമ്മേളനങ്ങൾ, യൂണിറ്റ്തല സത്സംഗം, ഗൃഹനന്മ കൂട്ടായ്മ, ശുചീകരണപ്രവർത്തനങ്ങൾ, അന്നദാനവിതരണം തുടങ്ങി വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇന്ന് മുതൽ വിഭവസമാഹരണം നടക്കും. ആഘോഷങ്ങളോടനുബന്ധിച്ചുള്ള കോർഡിനേഷൻ ഓഫീസ് ഫെബ്രുവരി 20 മുതൽ പ്രവർത്തനമാരംഭിക്കും. അന്ന് രാവിലെ 8.30ന് ആശ്രമകുംഭം നിറക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഗുരുഭക്തർ ആഘോഷങ്ങളിൽ പങ്കെടുക്കാനായി എത്തിച്ചേരും.

### പൂജിതപീഠം സമർപ്പണം സങ്കല്പം

എന്റെ കുടുംബത്തോടെയുള്ള ദോഷവശങ്ങളും എന്റെ കർമ്മഗതിയിൽപ്പെട്ട ദോഷവശങ്ങളും മാറ്റി എന്തു നന്മയാണോ കിട്ടേണ്ടത് കിട്ടണേ ഗുരുവേ അപ്പാ.



ലക്ഷ്മിപുരം യൂണിറ്റ് സത്സംഗം

# പൂജിതപീഠം സമർപ്പണം സത്സംഗം ഫെബ്രുവരി 20ന് സമാപിക്കും

**സ്പിരിചൽ സോൺ :** പൂജിതപീഠം സമർപ്പണം വാർഷികാഘോഷത്തോടനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ 12 യൂണിറ്റുകളിലായി നടന്നുവരുന്ന സത്സംഗം ഫെബ്രുവരി 20ന് സമാപിക്കും.

ഫെബ്രുവരി 18ന് കാഞ്ഞാംപാറ യൂണിറ്റിൽ കെ.എ.മുരളീധരന്റെ 'പുഷ്പം' ഭവനത്തിലും 20ന് സ്നേഹപുരം യൂണിറ്റിൽ മിഷാസുനിൽകുമാറിന്റെ ഭവനം 'ശാന്തിദീപ'ത്തിലും സത്സംഗം നടക്കും.

ഫെബ്രുവരി 15 ന് ജനസേവികപുരത്ത് നടന്ന സത്സംഗത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി എന്നിവർ സംസാരിച്ചു. ഓരോ സത്സംഗവും ആത്മബന്ധുക്കളുടെ പങ്കാളിത്തം കൊണ്ടും കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ളവരുടെ കലാപരിപാടികൾ കൊണ്ടും ശ്രദ്ധേയമായി.

ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള വിഭവസമാഹരണം ഇന്ന് രാവിലെ മുതൽ നടക്കും. വൈകുന്നേരം 4 മണിക്ക് ആശ്രമപരിസര ശുചീകരണം ഉണ്ടായിരിക്കും.

### ഫെബ്രുവരി 23ന് ശാന്തിഗിരി യൂത്ത്സമ്മിറ്റ്

**റിസർച്ച് സോൺ:** പൂജിതപീഠം സമർപ്പണം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഫെബ്രുവരി 23ന് ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ ശാന്തിഗിരി യൂത്ത്സമ്മിറ്റ് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ നടക്കും. ശാന്തിഗിരി ശാന്തിമഹിമ, ശാന്തിഗിരി ഗുരുമഹിമ പ്രവർത്തകർ പങ്കെടുക്കും. യു.കെ. കോവെൻട്രി യൂണിവേഴ്സിറ്റി അസോസിയേറ്റ് പ്രോവൈസ്ചാൻസലർ ഡോ. ആൻഡ്രൂ ടർണർ യൂത്ത്സമ്മിറ്റ് ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ നേവി കൊച്ചിൻ സ്റ്റേഷൻ കമാൻഡർ കമഡോർ ജി.പ്രകാശ് മുഖ്യപ്രഭാഷണം നടത്തും. കേരള പോലീസ് ഐ.ജി. പി. വിജയൻ ഐ.പി.എസ്., കോഴിക്കോട് ജില്ലാ കളക്ടറായിരുന്ന പ്രശാന്ത് നായർ ഐ.എ.എസ്., ഒമാൻ മിഡിൽ ഈസ്റ്റ് കോളേജ് ഡീൻ ഡോ. ജി. ആർ. കിരൺ എന്നിവർ സംസാരിക്കും.



മലേഷ്യൻ ആരോഗ്യ മന്ത്രാലയം ഡയറക്ടർ ഡോ. ഗോ ചെൻ സൂൻ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് സന്ദർശിച്ചപ്പോൾ

# ഗുരുവാണി

മനുഷ്യജീവിതത്തിന്റെ മൂല്യത നമ്മളെങ്ങനെ കൊണ്ടുവന്നിരിക്കുന്നു? ഈ മൂല്യത തെറ്റിപ്പോയ പാതയിൽ നിന്നു തിരുത്തി നല്ല പാതയിലേയ്ക്ക് തിരിച്ചു കൊണ്ടു വരേണ്ട കർമം നമ്മളെ ഏൽപിച്ചിരിക്കുകയാണ്. ഈ കർമം എങ്ങനെ ചെയ്യണമെന്ന് ആദ്യം നമ്മളൊന്നു പഠിക്കണം. ആദ്യമേ തുടങ്ങുകയാണെന്ന് മുമ്പ് പറഞ്ഞത് അതാണ്. എല്ലാ ഭാഗത്തിന്റെയും തുടക്കമാണ് ഇപ്പോൾ ചെയ്തുവച്ചിരിക്കുന്നത്. അത്തരത്തിലുള്ള തുടക്കത്തിൽ നിങ്ങൾ തെറ്റ് ചെയ്യരുത്. തെറ്റ് ചെയ്താൽ ദൈവശിക്ഷയ്ക്കും കൂടി അത് പാത്രീഭവിക്കും.

ഇതൊന്നും മനസ്സിലാക്കാതെ ബുദ്ധികൊണ്ടുരുട്ടുകയാണ് നിങ്ങൾ ചെയ്യുന്നത്. അങ്ങനെ ബുദ്ധി ഉപയോഗിക്കുവാൻ പാടില്ല. അബദ്ധം വരും. തെറ്റായാലും ശരിയായാലും ഉള്ളതുപോലെ തന്നെ ഗുരുവിനോടു പറയണം. നേരത്തെ പറഞ്ഞിരുന്നല്ലോ ഗുരു തെറ്റു ചെയ്യാനും പറയുമെന്ന്. എന്തിനാണ്? തെറ്റിൽക്കൂടി വന്ന് ഒരിടത്ത് ഉറച്ചിരിക്കുന്ന കർമത്തെ ഇളക്കിയെടുക്കാൻ ഇവനെക്കൊണ്ടുതന്നെ തെറ്റ് ചെയ്യിക്കണം. അതിനുവേണ്ടി ഗുരു അറിഞ്ഞോ അറിയാതെയോ ആ തെറ്റ് ചെയ്യാനുള്ള വാക്കു വന്നെന്നു വരും. അപ്പോൾ ഇവൻ അയ്യോ! ഞാനിങ്ങനെ ചെയ്തല്ലോ എന്നിളകിയിട്ട് പിന്നെ അതിനെ തിരിച്ച്ചെയ്തു തിരുത്തും. ഉദാഹരണത്തിന് ഒന്നിൽനിന്നും മറ്റൊന്നിലേയ്ക്ക് ചുറ്റുന്നതുപോലെയാണ്. ഒരെണ്ണം കറങ്ങാതിരുന്നാലോ? രണ്ടും (തെറ്റും ശരിയും) കറങ്ങിയേ പറ്റൂ.

ഇതെങ്കിലും നിങ്ങൾ മനസ്സിലാക്കിയിട്ട് കർമത്തിലാരംഭിക്കുക. അല്ലെങ്കിൽ കർമം ശരിയാവുകയില്ല. 'അത് തെറ്റാണ്, ഗുരുവാണെങ്കിൽ അത് ചെയ്യിക്കുമോ, ചെയ്യുമോ?'-എന്നൊക്കെ പറയുന്നവരുണ്ട്. ഇവരെന്തറിഞ്ഞിട്ടാണ് ഇത് പറയുന്നതെന്നറിയുന്നില്ല. അത്രയ്ക്ക് താഴ്ന്ന തട്ടിലാണവരുടെ അറിവ് നിൽക്കുന്നത്. ചെയ്ത തെറ്റിന്റെ സൂക്ഷ്മവശങ്ങൾ, അതെന്തുകൊണ്ട് വന്നു എന്ന് ഇവനെത്തന്നെ പഠിപ്പിച്ചു ശരിയാക്കി എടുക്കുകയാണ്. എങ്കിലേ അവൻ അതിൽ പൂർണനാകുന്നുള്ളൂ.

നമുക്കിന്നാവശ്യം നമ്മുടെ കർമം എവിടെയെല്ലാം തെറ്റിയിട്ടുണ്ട്, നമ്മുടെ പൂർവികന്മാർക്ക് എവിടെയെല്ലാം തെറ്റിയിട്ടുണ്ട്, ഇനി വരാനുള്ളവർക്ക് തെറ്റ് പറ്റാതിരിക്കാൻ എന്തൊക്കെ വേണം - അതൊക്കെയാണ് നമ്മുടെ ലക്ഷ്യം. കർമത്തിൽ വന്നുപോയ തെറ്റിനെ തിരുത്തുമ്പോൾ നമ്മൾ വളരെ ബുദ്ധിമുട്ടനുഭവിക്കണം. അങ്ങനെ വേറൊരു രീതിയിലേക്കു കർമം തിരിച്ചുവരുത്തുകയാണ് ചെയ്യുന്നത്.

തെറ്റ് ചെയ്യാതിരിക്കുകയില്ല, തെറ്റ് വരും. കർമത്തിൽ തെറ്റുണ്ടായാലേ തിരുത്താൻ പറ്റൂ. അപ്പോൾ തെറ്റ് വന്നുവെന്ന് വച്ച് ഭയപ്പെടാനുമില്ല. അതുകൊണ്ട് തെറ്റ് വരുത്താമെന്ന് വിചാരിക്കരുത്. തെറ്റുവന്നാൽ കാര്യമില്ലല്ലോ, അതുകൊണ്ട് പിന്നെ തെറ്റ് വന്നോട്ടെ എന്നല്ല. അറിഞ്ഞുകൊണ്ട് നമ്മുടെ മനസ്സിനെ ഒരു തുരുമ്പോളമെങ്കിലും സംശയമുണ്ടെങ്കിൽ അവിടെ നിർത്തിയേക്കണം. പിന്നെ ചോദിച്ചിട്ടേ ചെയ്യാവൂ. അല്ലെങ്കിൽ അത് തെറ്റിലേക്കുപോയിട്ട് പിന്നെ അതിനെ തിരുത്താൻ വേണ്ടി തിരികെ നടക്കേണ്ടി വരും. അത് വരരുത്.

വ്യാസനെയും വസിഷ്ഠനെയും വിശ്വാമിത്രനെയുമൊക്കെ നമ്മളെടുത്തു നോക്കുമ്പോൾ പല തെറ്റുകളും അവർ ചെയ്തിട്ടു തിരുത്തിയിട്ടുള്ളതുണ്ട്. അനവധി തെറ്റുകൾ അവരുടെ ജീവിതത്തിൽ കാണുന്നുണ്ട്. എന്തിനാണ് അത് കാണിച്ചിരിക്കുന്നത്? തെറ്റു കൂടാതെ അങ്ങ് പൊയ്ക്കൂടെ? ഇങ്ങനെ എല്ലാ ഗുരുക്കന്മാരെയും എടുത്താലതു കാണുന്നുണ്ട്. അപ്പോൾ അത് നമ്മൾ മനസ്സിലാക്കിക്കൊണ്ട് നാം ഈ കർമത്തെ ശുദ്ധിയാക്കണം. അങ്ങനെ ഓരോന്നും നമ്മൾ ചോദിച്ച്, പറഞ്ഞ്, പ്രവർത്തിച്ച് മുന്നിൽ വരേണ്ടതാണ്. ഇതാണ് ഇപ്പോൾ നാം ചെയ്യേണ്ടത്.

## വചനദീപ്തി

*ചലനാത്മകമായ ഈ ജഗത്തിലുള്ളതെല്ലാം ഈശ്വരനാൽ വ്യാപ്തമായിരിക്കുന്നു. അതുകൊണ്ട് ത്യാഗത്തിലൂടെ അനുഭവിക്കുക. ആരുടേയും ധനം ആഗ്രഹിക്കരുത്.*

**ഈശാവാസ്യോപനിഷത്ത്**

### പൗർണ്ണമി

2019 ഫെബ്രുവരി 19, ചൊവ്വ

### ജന്മഗൃഹ തീർത്ഥയാത്ര

2019 ഫെബ്രുവരി 24, ഞായർ

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2019 ഫെബ്രുവരി 21 – ശാന്തിപുരം, രത്നഗിരി

2019 ഫെബ്രുവരി 22 – ആനന്ദപുരം

### യാമപ്രാർത്ഥന

2019 ഫെബ്രുവരി 21, വ്യാഴം – 3 am – 6 am

# ഗുരുശിഷ്യബന്ധത്തിന്റെ അവർണനീയമായ അർത്ഥവ്യാപ്തി

**പ്രകാശപഥം**

ഇത് എല്ലാവരും നല്ലതുപോലെ ശ്രദ്ധിച്ചുകേൾക്കേണ്ട ഒരു വിഷയമാണ്. ഇവിടെ വിവാഹം കഴിഞ്ഞവരോട് സങ്കൽപം ചെയ്തിട്ടുപോകാൻ ഗുരു പറയും. ചിലരോട് ഗുരു പറയും, നിങ്ങൾ വീട്ടിൽ പോകാൻ. ചിലരോട് അതല്ല സങ്കൽപം ചെയ്തതിന്റെ ഒരു ഫലം കാണുന്നുണ്ടോ എന്നു നോക്കിയിട്ടു പോകാൻ പറയും. ചിലർക്ക് പലരീതിയിലുള്ള അനുഭവവശങ്ങൾ വരും. ഇവിടെ ഞാൻ ഇവരെ എന്റെ കൂടെ കൂട്ടിക്കൊണ്ടു വന്നിട്ട് ഇവിടെവച്ചു സങ്കല്പം ചെയ്യിച്ചു. അപ്പോൾ അവർ കണ്ട കാര്യം എന്നോടു പറഞ്ഞു.

അതേപോലെ ഒരനുഭവവശമാണ് നമ്മുടെ ആശ്രമത്തിന്റെ ഒരു സ്വഭാവം. ഈ ആശ്രമത്തിന്റെ എല്ലാ വശങ്ങളും ഗുരു തന്റെ പ്രകാശരൂപത്തിൽ നിന്ന് നമുക്ക് ഓരോ കാര്യങ്ങൾ പറഞ്ഞുതരികയും ആ പറഞ്ഞുതരുന്നത് നമ്മൾ വാക്കാണു സത്യം, സത്യമാണു ഗുരു, ഗുരുവാണു ദൈവം എന്നുള്ള സ്വഭാവത്തിൽ അനുഭവം കൊണ്ട് മനസ്സിലാക്കുകയും ആ അനുഭവം തന്റെ ജീവിതവുമായിട്ട് ചേർത്തുവച്ച് സൂക്ഷിക്കുകയും വേണം. ഇന്നലെ ഇവിടെ വന്ന് ഈ സങ്കല്പം ചെയ്തപ്പോൾ സ്നേഹത്തിന്റെ ഒരു സ്വഭാവത്തിൽ ഇങ്ങനെ ഒരനുഭവം കിട്ടാൻ ഈ ജന്മത്തിൽ ഏതെങ്കിലും മലകളിൽപോയി തപസ്സു അനുഷ്ഠിക്കുകയോ വേറെ ഏതെങ്കിലും മന്ത്രങ്ങൾ ജപിക്കുകയോ ഇവർ ചെയ്തിട്ടില്ല. യാതൊരുവിധ സ്വഭാവങ്ങളും മറ്റൊരുരീതിയിൽ ചെയ്യാതെ, മറ്റൊരു വഴികളും സ്വീകരിക്കാതെ എങ്ങനെയാണ് ഗുരുവിനെ ഇങ്ങനെ കാണുന്നത്?

ഈ പ്രകൃതിയിൽ ലയനാത്മകമായിട്ട് ബ്രഹ്മം എങ്ങനെയാണ് ഗുരുവിനെ ലയിപ്പിച്ചു നിർത്തിയിരിക്കുന്നത് അല്ലെങ്കിൽ ബ്രഹ്മത്തിന്റെ വന്ദിതരൂപമായിട്ട് എങ്ങനെയാണ് ഗുരുവിന്റെ സ്വരൂപം നിൽക്കുന്നതെന്ന് ഒരു ശിഷ്യൻ കാണുകയാണ്. ആ കാഴ്ചയിൽ ഈ ലോകത്ത് ഏതെല്ലാം ചരാചരങ്ങളുണ്ടോ, ഏതെല്ലാം സ്വഭാവത്തിൽ ഉണ്ടോ അതിലെല്ലാം ഗുരുവിന്റെ രൂപവും ഗുരുവിനെത്തന്നെയും വലുതായി കാണുന്നു. സാഹിത്യമോ മറ്റൊരു കാര്യമോ ഒന്നുമില്ലാതെ തന്റെ മനസ്സ് അനുഭവിച്ചറിഞ്ഞ സുഖത്തിൽ പറയുന്നു. അതാണ് യഥാർത്ഥമായ വശം. വീണ്ടും ഗുരു നീലപ്രകാശത്തിൽ നടന്നു വരുന്നെന്നും വിളക്കിൽ ഗുരുവിനെ കണ്ടുവെന്നും പറഞ്ഞു. ദർശനവശത്തിന്റെ യഥാർത്ഥമായ സത്യമാണ് ആ പറഞ്ഞത്. അങ്ങനെയാണ് ദർശനത്തിന്റെ ഒരു തുടക്കം തന്നെ. ഒരു ഭാഗത്ത് ഒരു അവസ്ഥാന്തരത്തിൽ ഇങ്ങനെ കാണും. എങ്ങനെ ഇതു കണ്ടു എന്ന് നാം ചോദിച്ചാൽ എങ്ങനെ ഇതിനുത്തരം പറയും?

നമ്മൾ ഓരോരുത്തരും ഇങ്ങനെ വരികയും എടുക്കുകയും ഒക്കെ ചെയ്യുന്നതിന്റെ ഒരു ഫലം നമ്മൾ കൂട്ടായിട്ട് പ്രവർത്തിക്കുമ്പോൾ ആരെങ്കിലും ഇത് അനുഭവിച്ചറിയുകയും അവരിൽ കൂടുന്ന ഫലം നമുക്കെല്ലാവർക്കും അനുഭവമായിട്ട് വരികയും ചെയ്യും. ഈശ്വരൻ സർവവ്യാപിയാണെന്നും സർവാന്തരവ്യാപിയാണെന്നും എല്ലാത്തിലും ഈശ്വരപ്രകാശം കാണുമെന്നും പറയുന്ന ഭാഗം ഇതാണ്. ഈശ്വരനെ നീ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ കണ്ടിട്ടുണ്ട് എന്നു പറയുന്നതിന്റെ ഒരു ഭാഗമാണ് ഈ കണ്ടിരിക്കുന്നത്. ഈ വിഷയം നമ്മൾ ഓരോരുത്തരും മനസ്സിലാക്കുക.

( '**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**' അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# സത്യത്തിന്റെ തനിമയാർന്ന ചൈതന്യസ്വരൂപം

"സ്ഥൂല"മെന്ന പദംകൊണ്ട് നാം വിവക്ഷിക്കുന്നത് ബാഹ്യമായി കണ്ടറിയാൻ കഴിയുന്നതിനെയാണല്ലോ. അതുകൊണ്ട് തന്നെ സ്ഥൂലസംബന്ധമായ വസ്തുതകളെ സംബന്ധിച്ച് സംശയാസ്പദമായ വാദപ്രതിവാദങ്ങളുടെ ആവശ്യം വരുന്നില്ല. എന്നാൽ സൂക്ഷ്മലോകമെന്നത് കാലങ്ങളായി പഠനവിധേയമായിരിക്കുന്ന ഒന്നാണ്. സൂക്ഷ്മാവസ്ഥയിലുള്ള യാതൊന്നിന്റെയും അസ്തിത്വം പരീക്ഷണനിരീക്ഷണങ്ങളിലൂടെ കണ്ടുപിടിച്ച് തെളിവുകളിലൂടെ മാത്രം വിശ്വസിക്കുന്ന ശാസ്ത്രലോകത്തിന്റെ പ്രാപ്തം എത്രത്തോളമെന്നത് നാം അനുഭവിച്ചറിയുന്നു. സകല ശാസ്ത്രശാഖകളെയും വസ്തുനിഷ്ഠമായി വിലയിരുത്തുമ്പോൾ സ്ഥൂലസൂക്ഷ്മഭാവങ്ങളുടെ ഏകാത്മകത്വം നമുക്ക് മനസ്സിലാക്കാൻ കഴിയും. ഉദാഹരണമായി രസതന്ത്രം, ഊർജ്ജതന്ത്രം, ജീവശാസ്ത്രം ഇവയിൽ ഏതിലായാലും സൂക്ഷ്മമായി നടക്കുന്ന പ്രക്രിയകൾ മുഖേന ഒരു പുതിയ "ഒന്നിന്റെ" സാന്നിധ്യം തെളിവോടുകൂടി മനസ്സിലാക്കാൻ നമുക്ക് കഴിയുന്നു. രാസമാറ്റവും ഊർജ്ജമാറ്റവുമെല്ലാം ഇതിൽപ്പെടുന്നു. രണ്ടോ, അതിലധികമോ മൂലകങ്ങൾ സംയോജിപ്പിച്ച് സംയുക്തങ്ങൾ ഉണ്ടാകുന്നുവെന്ന് രസതന്ത്രം നമ്മെ പഠിപ്പിക്കുന്നു. പ്രസ്തുത മൂലകങ്ങളെ പ്രത്യേകം പരിശോധിച്ചാൽ അവയ്ക്ക് ഓരോന്നിനും അതാതിന്റേതായ സവിശേഷഗുണങ്ങൾ ഉണ്ടായിരിക്കും. എന്നാൽ അവ സംയോജിച്ചുണ്ടാകുന്ന സംയുക്തത്തിന് വ്യത്യസ്ത സ്വഭാവമായിരിക്കും ഉണ്ടാവുക. അതായത് മൂലകങ്ങൾ തമ്മിൽ പ്രവർത്തിക്കുമ്പോൾ അവയുടെ സൂക്ഷ്മഘടനയിൽ മാറ്റം സംഭവിച്ചാണ് പുതിയൊരു സംയുക്തം രൂപംകൊള്ളുന്നത്. അതിനാലാണ് ആ സംയുക്തം വിഭിന്നമായ ഗുണങ്ങൾ പ്രദർശിപ്പിക്കുന്നത്. ചുരുക്കത്തിൽ, സൂക്ഷ്മത്തിൽ സംഭവിക്കുന്ന പരിണാമം സ്ഥൂലത്തിൽ അനുഭവപ്പെടുന്നുവെന്നുള്ള വസ്തുതയാണ് ഇവിടെ വ്യക്തമാകുന്നത്.

എന്നാൽ ഏതെങ്കിലും സൂക്ഷ്മലോകവാസികളുടെ ഉപദ്രവമോ, അല്ലെങ്കിൽ ബാധയോ ഒരു വീട്ടിൽ ഉണ്ടായാൽ ആ അവസരത്തിൽ അതിനൊരു നിവർത്തി മാർഗത്തിനായി വ്യഗ്രത പൂണ്ട് നടക്കുന്ന രംഗം നമുക്ക് ചിരപരിചിതമാണ്. മന്ത്രവാദത്തിലോ, ഹോമത്തിലോ അഭയം കണ്ടെത്തി താൽക്കാലിക ആശ്വാസം നേടുന്ന ഒരു പരിചയമാണ് നമുക്ക് ചുറ്റുമുള്ളത്. ആ ഉപദ്രവത്തിൽ നിന്ന് പൂർണമായ മോചനം ലഭിക്കണമെങ്കിൽ പ്രസ്തുത സൂക്ഷ്മശക്തിയെ പിടിച്ചു മാറ്റാൻ പര്യാപ്തമായ ഒരു ഗുരുസ്ഥാനം കൂടിയേ കഴിയൂ. ബ്രഹ്മനിശ്ചയമനുസരിച്ച്, അധികാരിയായി വന്ന മഹാഗുരുവിന്റെ സങ്കൽപശക്തി ഒന്നുകൊണ്ട് മാത്രമേ ഏത് സൂക്ഷ്മശക്തികളെയും പിടിച്ചുമാറ്റാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള ഗുരുക്കന്മാർ എല്ലാ കാലങ്ങളിലും വരികയില്ല. ആ ഗുരുകാലങ്ങൾക്ക് അന്തരം വരുമ്പോൾ അവശ്യസന്ദർഭങ്ങളിൽ മാത്രം ബ്രഹ്മനിയോഗമനുസരിച്ച് ജന്മമെടുക്കുന്ന മഹത് വ്യക്തിത്വമാണ്. ആദിമുതലുള്ള സകലതിനെയും അവയുടെ സൂക്ഷ്മതലങ്ങളിലൂടെ എടുത്ത് കണ്ട്, ഇന്നോളം എത്തിച്ചേർന്നിരിക്കുന്ന കർമധർമവിധങ്ങളെ വിവേചിച്ചറിഞ്ഞ്, ലോകസമാധാനത്തിനും നന്മയ്ക്കും ഉതകുന്ന തരത്തിൽ ആ അറിവിനെ നമ്മിലേക്ക് പകരാൻ നിയുക്തനായിരിക്കുന്ന സത്യത്തിന്റെ തനിമയാർന്ന ചൈതന്യസ്വരൂപനാണ് പിതൃക്കളെയും സമകാലീന സമൂഹത്തെയും വരും തലമുറയെയും ശുദ്ധമാക്കാൻ അധികാരിയായ ലോകഗുരു.



പ്രതിഷ്ഠാദിനത്തിൽ നടന്ന ദീപപ്രദക്ഷിണം



ഫെബ്രുവരി 13 നടന്ന കന്യാകുമാരി തീർത്ഥയാത്രയ്ക്ക് പ്രാർത്ഥനയോടെ തുടക്കം കുറിച്ചപ്പോൾ



പൂജിതപീഠം സമർപ്പണം തിരുവനന്തപുരം ഏരിയ സമ്മേളനം വി.എസ് ശിവകുമാർ എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു. സ്വാമി നവനന്മ ജ്ഞാനതപസ്വി, ഇന്ദ്രൻസ് തുടങ്ങിയവർ സമീപം



മികച്ച സേവനത്തിനുള്ള ഈ വർഷത്തെ മുഖ്യമന്ത്രിയുടെ പുരസ്കാരത്തിനർഹനായ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ബിജോയ് എസ്.



വിവാഹവാർഷികം ആഘോഷിക്കുന്ന എൻ. കെ പ്രേമചന്ദ്രനേയും ഭാര്യയേയും പൂജിതപീഠം സമർപ്പണം കൊല്ലം ഏരിയ സമ്മേളന വേദിയിൽ വച്ച് ആദരിച്ചപ്പോൾ

ഗുരുചരണം ശരണം

**പൂജിതപീഠം സമർപ്പണം**

പ്രാർത്ഥനയോടെ,

**അനിൽകുമാർ ടി,**
**ഇന്ദു അനിൽകുമാർ,**
**കരുണ എ.**
**ഗുരുകൽപ്പനൻ എ.**
'കരുണശ്രീ',
ശാന്തിഗിരി പി. ഒ

## ദിവംഗതയായി



വസന്താ ബാലൻ

**കൊയിലാണ്ടി:** ഗുരുധർമ്മ പ്രകാശസഭയിലെ അംഗം സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വിയുടെ മാതാവ് മേലൂർ നാരായണീയത്തിൽ വസന്ത ബാലൻ (58) ഫെബ്രുവരി 11ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ്: ബാലൻ നായർ (റിട്ട.കെ.എസ്.ഇ.ബി. എഞ്ചിനീയർ) മകൾ: ബവിത കെ. മരുമകൻ: ഷൺമുഖൻ കന്നൂർ (കെ.എസ്.ആർ.ടി.സി.)



കാഞ്ഞാംപാറയിൽ സൂസി സെബാസ്റ്റ്യൻ നിർമ്മിക്കുന്ന ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം ഫെബ്രുവരി 14 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവ്വഹിക്കുന്നു

## വിവാഹിതരായി



ശാന്തിഗിരി കരുണപുരം 'ശാന്ത'ത്തിൽ വി. തുളസീധരൻ പിള്ളയുടേയും എം.സുശീലകുമാരിയുടേയും മകൻ ശ്രീകുമാർ റ്റി.എസും ശാന്തിഗിരി ജംഗ്ഷൻ 'വന്ദന'ത്തിൽ എം.ശശിധരൻ പിള്ളയുടേയും ലീന റ്റി.യുടേയും മകൾ ശ്രുതി പിള്ളയും ഫെബ്രുവരി 12ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



നെയ്യാറ്റിൻകാര ആറാലുംമൂട് ഐശ്വര്യഭവനിൽ ദിവംഗതനായ കെ.രവീന്ദ്രന്റെയും വി.എസ്.ലൈലയുടെയും മകൻ ആർ.എൽ ജയകുമാറും തട്ടത്തുമല മംഗലത്തുവീട്ടിൽ ജി.ബി.മോഹനദാസിന്റെയും എം.ജി.ബീനയുടേയും മകൾ അഞ്ജു എം.പി.യും തമ്മിൽ ഫെബ്രുവരി 12ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



ചങ്ങനാശ്ശേരി വാഴപ്പള്ളി ഷാളഗ്രാം ഹൗസിൽ ദിവംഗതനായ പി.കെ.സ്വാമിനാഥന്റെയും സൂര്യകലയുടേയും മകൻ സജീഷ് എസ്.എസും ചങ്ങനാശ്ശേരി തൃക്കൊടിത്താനം ശ്രീഹൗസിൽ വിജയകുമാറിന്റേയും രാജലക്ഷ്മിയുടേയും മകൾ വീണ വിജയനും ഫെബ്രുവരി 7ന് ഗുരുവായൂരിൽ വച്ച് വിവാഹിതരായി.



ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ
മന്ത്രി വി.എസ്.സുനിൽ കുമാറിനെ സന്ദർശിച്ചപ്പോൾ



കൽപ്പറ്റ സ്വാമി വിവേകാനന്ദ മിഷൻ ഹോസ്പിറ്റലിൽ ആരംഭിച്ച ശാന്തിഗിരി ഒ. പി ക്ലിനിക്ക് മിസ്സോറാം ഗവർണർ കുമ്മനം രാജശേഖരൻ ഉദ്ഘാടനം ചെയ്യുന്നു

# കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ മന്ത്രിക്ക് നിവേദനവുമായി ശാന്തിഗിരി വിദ്യാഭവൻ

**തിരുവനന്തപുരം :** സംസ്ഥാനത്ത് സ്കൂൾ അഗ്രിഫെസ്റ്റിൽ വിജയികളായ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ കൃഷിമന്ത്രി വി.എസ്.സുനിൽ കുമാറിനെ സന്ദർശിച്ചു. ജൈവകൃഷി, അക്വാപോണിക് പ്രോജക്ട്, മഴവെള്ളസംഭരണ പദ്ധതി എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ചുകൊണ്ടുള്ള നിവേദനം അവർ മന്ത്രിക്ക് കൈമാറി. ആയിരത്തോളം വിദ്യാർത്ഥികൾ ഒപ്പിട്ട നിവേദനമാണ് മന്ത്രിക്ക് നൽകിയത്. സ്കൂളുകളിലും വീടുകളിലും ജൈവക്കൃഷിയുടെ പ്രോത്സാഹനം അനിവാര്യമാണ്. വിഷലിപ്തമായ പച്ചക്കറികൾ കഴിച്ചുണ്ടാകുന്ന ജീവിതശൈലീ രോഗങ്ങൾ ഒരുപരിധിവരെ തടയാൻ ഇതുവഴി സാധിക്കും. പാലക്കാട് വച്ച് നടന്ന സ്കൂൾ അഗ്രിഫെസ്റ്റിൽ പ്രോജക്ട് അവതരണത്തിൽ ഒന്നാം സ്ഥാനവും നാടോടിനൃത്തത്തിൽ രണ്ട് ഒന്നാം സ്ഥാനവും ക്വിസ് മത്സരത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചിരുന്നു. കൃഷിയുടെ പ്രാധാന്യം പുതുതലമുറ മനസ്സിലാക്കേണ്ടതിന്റെ ആവശ്യകതയിൽ നിന്നാണ് കുട്ടികൾ ഇത്തരമൊരു ആശയം രൂപപ്പെടുത്തിയത്. എം.പി.പ്രമോദ്, ഷൈജു കെ.മാലൂർ, ബിന്ദു നന്ദന എന്നിവരുടെ നേതൃത്വത്തിലാണ് വിദ്യാർത്ഥികൾ മന്ത്രിയെ സന്ദർശിച്ചത്.



ആസ്പെയർ എനർജി സൊല്യൂഷൻ ഷോപ്പിന്റെ ഉദ്ഘാടനം ഫെബ്രുവരി 10 ന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവ്വഹിക്കുന്നു. ശാന്തിഗിരി വെജിറ്റബിൾ സ്റ്റാൾ & ഫുഡ് സർവ്വീസസിന്റെ എതിർവശത്താണ് ഈ സ്ഥാപനം ആരംഭിച്ചിരിക്കുന്നത്.

## നാദസ്വര പരിശീലന ക്ലാസ്സ്

**റിസർച്ച്സോൺ:** ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിൽ നാദസ്വരത്തിനുള്ള പരിശീലന ക്ലാസ്സ് ഉടൻ ആരംഭിക്കുന്നു. താൽപര്യമുള്ളവർ ബന്ധപ്പെടുക – **8111975007**















Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala